# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 277/2024** **തിരുവനന്തപുരം, തീയതി: 12/12/2024**

## പത്രക്കുറിപ്പ്

## പിഎച്ച്.ഡി. കോഴ്സ് വർക്ക്

കേരളസർവകലാശാല 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തുന്ന പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയ്ക്ക് (2024 ഡിസംബർ സെഷൻ) അപേക്ഷകൾ ക്ഷണിക്കുന്നു. പിഴകൂടാതെ അപേക്ഷിക്കേണ്ട അവസാന തീയതി 2024 ഡിസംബർ 28. അപേക്ഷാഫോറവും, മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല 2024 ഡിസംബർ 30 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് & സ്കൾപ്പ്ച്ചർ) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ജനുവരിയിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.ഡെസ്. (ഫാഷൻ ഡിസൈൻ) (2024 - 2028 ബാച്ച്), മൂന്നാം സെമസ്റ്റർ ബി.ഡെസ്. (ഫാഷൻ ഡിസൈൻ) (2023 - 2027 ബാച്ച്) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ഏകദിന ദേശീയ സെമിനാർ

കേരളസർവകലാശാലയിലെ അന്തർദ്ദേശീയ മാർക്സിയൻ പഠന-ഗവേഷണ കേന്ദ്രം, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സഹകരണത്തോടെ ഡിസംബർ 12-ന് രാവിലെ പത്തുമണി മുതൽ വൈകിട്ട് 4.30 വരെ "ഇന്ത്യയുടെ ഭാവി: വെല്ലുവിളി കളും പ്രതീക്ഷകളും" എന്ന പ്രമേയത്തെ ആസ്പദമാക്കി ഏകദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. കേരളസർവകലാശാല കാര്യവട്ടം കാമ്പസിലെ അക്വാട്ടിക് ബയോളജി ഡിപ്പാർട്ട്മെന്റിൽ നടത്തുന്ന സെമിനാറിന്റെ ഉദ്ഘാടനം സാമ്പത്തിക വിദഗ്ദ്ധനും മുൻ ഐ.ആർ.എസ്. ഓഫീസറുമായ ആർ. മോഹൻ നിർവ്വഹിക്കും. "ഇ ന്ത്യയിൽ ആഴപ്പെടുന്ന ഫെഡറൽ പ്രതിസന്ധി" എന്ന വിഷയത്തിൽ അദ്ദേഹം പ്രബന്ധ വും അവതരിപ്പിക്കും. "ഇന്ത്യയിലെ ഭരണഘടനാ ജനാധിപത്യം" എന്ന വിഷയത്തിൽ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മുൻ സംസ്ഥാന പ്രസിഡന്റ് ബി. രമേശ്, "നവലിബ റൽ സാമ്പത്തിക നയങ്ങളും ആഴപ്പെടുന്ന അസമത്വങ്ങളും" എന്ന വിഷയത്തിൽ കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ സിദ്ദിഖ് റാബിയത്ത്, "ഹിന്ദുത്വവത്കരി ക്കപ്പെടുന്ന ഇന്ത്യയിലെ ലിംഗസമത്വ പ്രശ്നം" എന്ന വിഷയത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. മിനി സുകുമാർ, "കണ്ണ് മറയ്ക്കുന്ന ക്യാമറയും സമകാലിക ഇന്ത്യയിലെ മാധ്യമവത്കരണവും" എന്ന വിഷയത്തിൽ മാർ ഇവാനിയോസ് കോളജ് അധ്യാപകൻ ഡോ. എസ്. ആർ. സഞ്ജീവ്, "വികസനക്കുതി പ്പിൽ പതിയിരിക്കുന്ന പരിസ്ഥിതി വെല്ലുവിളികൾ" എന്ന വിഷയത്തിൽ കേരളസർവക

ലാശാല എമിററ്റസ് പ്രൊഫസർ ഡോ. ഷാജി വർക്കി, “നരേന്ദ്ര മോദിയുടെ വിദേശനയത്തിന്റെ പിഴവുകൾ” എന്ന വിഷയത്തിൽ മാർക്സിയൻ പഠനകേന്ദ്രം മുൻ ഓണററി ഡയറക്ടറും കേരളസർവകലാശാല പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റ് മുൻ തലവനുമായ ഡോ. ജോസഫ് ആന്റണി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in


| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |